ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 16-06-2026 TIME : 12.50 PM

## പ്രധാന വാർത്തകൾ

1) ഫ്രാൻസിൽ നടക്കുന്ന ജി7 ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പങ്കെടുക്കും. ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ, ലോകനേതാക്കളുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും.

**Prime Minister Narendra Modi will participate in the G7 Summit being held in France today. On the sidelines of the summit, the Prime Minister will hold meetings with global leaders.**

2) ജനപങ്കാളിത്തം, ജനാധിപത്യത്തിൽ ഏറെ പ്രധാനമാണെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള. ന്യൂഡൽഹിയിൽ വികസിത് ഭാരത് യൂത്ത് പാർലമെന്റ് 2026- ൻറെ ഉദ്ഘാടനം സ്പീക്കർ നിർവഹിച്ചു.

**Lok Sabha Speaker Om Birla has said that public participation is of immense importance in a democracy. The Speaker inaugurated the Viksit Bharat Youth Parliament 2026 in New Delhi.**

3) സെൻസസ് 2027 ന്റെ ഭാഗമായ സെൽഫ് എന്യൂമറേഷന് സംസ്ഥാനത്ത് ഇന്ന് തുടക്കം. സെൻസസ് പ്രക്രിയകളിൽ

പൂർണമായും സഹകരിക്കണമെന്ന് ജനങ്ങളോട് ആഹ്വാനം ചെയ്ത് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ.

**Self-enumeration as part of Census 2027 begins in the state today. Governor Rajendra Vishwanath Arlekar has appealed to the public to extend full cooperation to the census process.**

4) പകർച്ച വ്യാധി വ്യാപനം സംസ്ഥാനത്ത് ഈ വർഷം കൂടുതലാണെന്നും,ഈ മാസം 70 ഷിഗെല്ല കേസുകൾ റിപ്പോർട്ട് ചെയ്തതായും ആരോഗ്യ മന്ത്രി കെ മുരളീധരൻ.

**State Health Minister K. Muraleedharan has said that the spread of communicable diseases has been higher in the state this year and that 70 cases of Shigella have been reported so far this month.**

5) നീറ്റ് യുജി പുനഃപരീക്ഷയ്ക്ക് മുന്നോടിയായി ഓൺലൈൻ മെസ്സേജിംഗ് ആപ്പായ ടെലിഗ്രാമിന് നിയന്ത്രണം ഏർപ്പെടുത്തി കേന്ദ്ര സർക്കാർ.

**Ahead of the NEET-UG re-examination, the Central Government has imposed restrictions on the online messaging application Telegram.**

6)ഫിഫ ലോകകപ്പ് ഫുട്ബോളിൽ കരുത്തരായ ഇറാനെ, സമനിലയിൽ തളച്ച് ന്യൂസിലൻഡ്.

**At the FIFA World Cup Football tournament, New Zealand held Iran to a draw.**

&&&&&&&&&&&&&&&&&&

## HEADLINE-1

## PM – G7

വിദേശപര്യടനം തുടരുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഫ്രാൻസിലെ ഇവിയനിൽ നടക്കുന്ന ജി7 ഉച്ചകോടിയിൽ പങ്കെടുക്കും. ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവേൽ മാക്രോൺ പ്രധാനമന്ത്രിയെ ഔദ്യോഗികമായി സ്വാഗതം ചെയ്യും. അന്താരാഷ്ട്ര ഐക്യദാർഢ്യം പുനർനിർമ്മിക്കുക എന്ന വിഷയത്തിൽ നടക്കുന്ന വർക്കിങ്ങ് സെഷനിലാണ് ശ്രീ മോദി ഇന്ന് പങ്കെടുക്കുക. കാനഡ പ്രധാനമന്ത്രി മാർക് കാർണി, യുകെ പ്രധാനമന്ത്രി കിയർ സ്റ്റാമർ, യുഎഇ പ്രസിഡൻറ് ഷേഖ് മുഹമ്മദ് ബിൻ സായേദ് അൽ നഹ്യാൻ എന്നിവരുമായി ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും. ജി 7 ഉച്ചകോടിയിൽ ഇത് പതിമൂന്നാം തവണയാണ് ഇന്ത്യ പങ്കാളിയാകുന്നത്.

&&&&&&&&&&&&&&&&&&

## INDIA – SLOVAKIA

പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് സ്ലൊവാക്യയുടെ പരമോന്നത ബഹുമതിയായ "ദി ഓർഡർ ഓഫ് ദി വൈറ്റ് ഡബിൾ ക്രോസ്, ഫസ്റ്റ് ക്ലാസ്" സമ്മാനിച്ച് പ്രസിഡന്റ് പീറ്റർ പെല്ലെഗ്രിനി. സ്ലൊവാക് ഭരണകൂടത്തിനും ജനങ്ങൾക്കും നന്ദി അറിയിച്ച പ്രധാനമന്ത്രി, ബഹുമതി ഇന്ത്യയിലെ ജനങ്ങൾക്കു സമർപ്പിക്കുന്നതായി പറഞ്ഞു. ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാറിന്റെ കാര്യക്ഷമമായ നടത്തിപ്പിനായി പ്രവർത്തിക്കാൻ പ്രധാനമന്ത്രിയും സ്ലൊവാക് പ്രധാനമന്ത്രിയും തമ്മിൽ ധാരണയായി. ഇന്ത്യ - സ്ലൊവാക്യ ബന്ധം സമഗ്ര പങ്കാളിത്തത്തിലേക്ക് ഉയർത്താനും ബ്രാറ്റിസ്ലാവയിൽ ഇരുനേതാക്കളും ഇന്നലെ നടത്തിയ പ്രതിനിധതല ചർച്ചയിൽ തീരുമാനിച്ചു. സ്ലൊവാക് സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി അൽപസമയം മുൻപ് ഫ്രാൻസിലേക്ക് തിരിച്ചു.

&&&&&&&&&&&&&&&&&&

## HEADLINE-2

**OM BIRLA-YOUTH PARLIAMENT (INTRO)**

*വർദ്ധിച്ച ജനപങ്കാളിത്തം, ജനാധിപത്യത്തിൽ ഏറെ പ്രധാനമാണെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള. രാജ്യത്തിന്റെ ഭാവി രൂപപ്പെടുത്തുന്നതിനും വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിനും ജന പങ്കാളിത്തം അനിവാര്യമാണെന്നും, ന്യൂഡൽഹിയിൽ വികസിത് ഭാരത് യൂത്ത് പാർലമെന്റ് 2026- ദേശീയ തല മത്സരത്തിന്റെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു.*

*(ഹോൾഡ്)*

*കേരളത്തിൽ നിന്നുള്ള മൂന്ന് യുവ പ്രതിനിധികൾ പരിപാടിയുടെ ഭാഗമാകുന്നുണ്ട്. സംസ്ഥാനതല റൗണ്ടിൽ മികച്ച പ്രകടനം കാഴ്ചവെച്ച അലീഷ അനിൽ, ശിവാനി എം, , ദേവിക കെ, എന്നിവരാണ് ദേശീയ തല മത്സരത്തിൽ പങ്കെടുക്കുന്നത്.*

&&&&&&&&&&&&&&&&&

**HEADLINE-3**

**Census – (INTRO)**

*സെൻസസ് 2027 ന്റെ ഭാഗമായ സെൽഫ് എന്യൂമറേഷന് സംസ്ഥാനത്ത് ഇന്ന് തുടക്കം. സെൻസസിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾ കേരളത്തിൽ ജൂലൈ 1 മുതൽ ആരംഭിക്കും.*

*വിശദാംശങ്ങളിലേക്ക്......*

*(ഹോൾഡ് - വോയിസ്)*

***VO)***

*രണ്ട് ഘട്ടങ്ങളായി നടക്കുന്ന സെൻസസിൻറെ ഒന്നാം ഘട്ടത്തിൽ, വീടുകളുടെ പട്ടിക തയ്യാറാക്കലും വീടുകളുടെ സെൻസസും ആണ് നടക്കുക. രണ്ടാം ഘട്ടമായ ജനസംഖ്യാ കണക്കെടുപ്പ് 2027 ഫെബ്രുവരിയിൽ നടക്കും. സെൻസസിനായി ആകെ 33 ചോദ്യങ്ങളാണ് വിജ്ഞാപനം ചെയ്തിരിക്കുന്നത്. ഇന്ന് മുതൽ ആരംഭിക്കുന്ന 15 ദിവസത്തെ സെൽഫ് എന്യൂമറേഷൻ കാലയളവിൽ പൊതുജനങ്ങൾക്ക്*

***se.census.gov.in എന്ന പോർട്ടൽ വഴി കുടുംബ വിവരങ്ങൾ നേരിട്ട് സമർപ്പിക്കാവുന്നതാണ്. ഈ വിവരങ്ങൾ ഫീൽഡ് സന്ദർശനത്തിനിടെ എന്യൂമറേറ്റർമാർ പരിശോധിച്ച് സ്ഥിരീകരിക്കും. ഇന്ത്യയുടെ ചരിത്രത്തിലെ ആദ്യ സമ്പൂർണ ഡിജിറ്റൽ സെൻസസാണ് ഇത്തവണത്തേത്. സെൻസസുമായി ബന്ധപ്പെട്ട സംശയങ്ങൾക്കും പരാതികൾക്കും പൊതുജനങ്ങൾക്ക് 1855 എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.***

***ന്യൂസ് ഡസ്ക്, ആകാശവാണി***

***സെൻസസ് 2027 ഒന്നാം ഘട്ടത്തിന്റെ ഭാഗമായി ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ ലോക്ഭവനിൽ സെൽഫ് എന്യൂമറേഷൻ പൂർത്തിയാക്കി.സെൻസസ് പ്രക്രിയകളിൽ എന്യൂമറേറ്റർമാരുമായി പൂർണമായും സഹകരിക്കണമെന്ന് ഗവർണർ ജനങ്ങളോട് ആഹ്വാനം ചെയ്തു.***

&&&&&&&&&&&&&&&&&&

**HEADLINE-4**

**MINISTER K.MURALEDHARAN**

ജനുവരി മുതൽ ജൂൺ വരെ കേരളത്തിൽ, 146 ഷിഗെല്ല കേസുകൾ റിപ്പോർട്ട് ചെയ്തതായി ആരോഗ്യമന്ത്രി കെ മുരളീധരൻ. ഈ മാസം 70 ഷിഗെല്ല കേസുകളാണ് റിപ്പോർട്ട് ചെയ്തത്. മലപ്പുറം, കോഴിക്കോട് ജില്ലകളിൽ 2 പേർ വീതവും തൃശൂരിൽ ഒരാളും രോഗം ബാധിച്ച് മരിച്ചു. കോഴിക്കോട് ഒരു കുട്ടിയുടെ ആരോഗ്യനില ഗുരുതരമാണെന്നും മന്ത്രി അറിയിച്ചു. നിപയിൽ 38 പരിശോധനകൾ നടത്തിയതിൽ 37 കേസുകളും നെഗറ്റീവാണെന്നും അദ്ദേഹം പറഞ്ഞു. പകർച്ച വ്യാധിയുടെ വ്യാപനം ഈ വർഷം കൂടുതലാണെന്നും, തിരഞ്ഞെടുപ്പ് കാരണം മഴക്കാല പൂർവ്വ ശുചീകരണം തടസ്സപ്പെട്ടതായും മന്ത്രി വ്യക്തമാക്കി. പകർച്ച വ്യാധി

നിയന്ത്രിക്കാൻ ഹൈപ്പവർ കമ്മിറ്റി രൂപീകരിക്കുമെന്നും ആരോഗ്യമന്ത്രി തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

**HEADLINE-5**

**NTA-TELEGRAM BAN**

ജൂൺ 21-ന് നടക്കാനിരിക്കുന്ന നീറ്റ് യുജി പുനഃപരീക്ഷയ്ക്ക് മുന്നോടിയായി പ്രമുഖ ഓൺലൈൻ മെസ്സേജിംഗ് ആപ്പായ ടെലിഗ്രാമിന് രാജ്യത്ത് ഈ മാസം 22 വരെ കേന്ദ്ര സർക്കാർ നിയന്ത്രണം ഏർപ്പെടുത്തി. പരീക്ഷാ അട്ടിമറികളും തട്ടിപ്പുകളും തടയുന്നതിന്റെ ഭാഗമായി ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം എടുത്ത ഈ തീരുമാനത്തെ നാഷണൽ ടെസ്റ്റിംഗ് ഏജൻസി സ്വാഗതം ചെയ്തു. ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് വ്യാജ അവകാശവാദങ്ങൾ തടയാൻ, നേരത്തെ പോസ്റ്റ് ചെയ്ത സന്ദേശങ്ങൾ തിരുത്താനുള്ള ഫീച്ചറും ജൂൺ 30 വരെ നിഷ്ക്രിയമാക്കാൻ ടെലിഗ്രാമിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ താൽപര്യം മുൻനിർത്തി പരീക്ഷ സുരക്ഷിതമായി നടത്താൻ ഈ നടപടികൾ സഹായിക്കുമെന്ന് എൻടിഎ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**DISHA - LNG**

ഇന്ത്യൻ എൽഎൻജി കപ്പൽ 'ദിശ' ഹൊർമൂസ് കടലിടുക്ക് സുരക്ഷിതമായി കടന്നു. അമേരിക്കയും ഇറാനും തമ്മിൽ താൽക്കാലിക വെടിനിർത്തൽ കരാർ പ്രഖ്യാപിച്ചതിന് ശേഷം ഹൊർമൂസിലൂടെ സഞ്ചരിക്കുന്ന ആദ്യ വാണിജ്യ കപ്പലുകളിൽ ഒന്നാണിത്. 62,370 മെട്രിക് ടൺ ദ്രവീകൃത പ്രകൃതിവാതകവുമായി വരുന്ന കപ്പൽ മറ്റന്നാൾ ഗുജറാത്ത് തീരത്തെത്തും.

&&&&&&&&&&&&&&&&&&

**Special Additional Excise Duty**

ഡീസൽ, വിമാന ഇന്ധന കയറ്റുമതിക്കുള്ള പ്രത്യേക അധിക എക്സൈസ് തീരുവ വർദ്ധിപ്പിച്ച് കേന്ദ്രസർക്കാർ. ഡീസലിന്റെ കയറ്റുമതി തീരുവ ലിറ്ററിന് 13 രൂപ 5 പൈസയിൽ നിന്ന് 14 രൂപയായും, വിമാന ഇന്ധന കയറ്റുമതി തീരുവ 9 രൂപ 5 പൈസയിൽ നിന്ന് 12 രൂപ 5 പൈസയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഉത്തരവ് ഇന്ന് മുതൽ പ്രാബല്യത്തിൽ വന്നു.

&&&&&&&&&&&&&&&&&&

## UNSC- REFORMS (intro)

***ഐക്യരാഷ്ട്രസഭാ രക്ഷാസമിതി വിപുലീകരണം താല്ക്കാലിക അംഗത്വത്തിൽ മാത്രമായി ഒതുക്കിയാൽ രക്ഷാസമിതി പരിഷ്കരണ ശ്രമങ്ങൾ പരാജയപ്പെട്ടേക്കാമെന്ന് ഇന്ത്യ. ഐക്യരാഷ്ട്രസഭയിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പി. ഹരീഷാണ് നിലപാട് വ്യക്തമാക്കിയത്.***

***(ഹോൾഡ്)***

&&&&&&&&&&&&&&&&&&

## GOVT 12 YEARS - TERRORISM

കഴിഞ്ഞ 12 വർഷത്തിനിടെ രാജ്യത്തെ വിവിധ മേഖലകളിലുണ്ടായത് ശ്രദ്ധേയമായ പരിവർത്തനങ്ങളെന്ന് കേന്ദ്രസർക്കാർ. ജന ക്ഷേമം മുൻനിർത്തിയുള്ള നിരവധി മുൻനിര സംരംഭങ്ങൾ ഈ കാലയളവിൽ നടപ്പാക്കി. ഭീകരതയ്ക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നയങ്ങളും നടപടികളുമാണ് രാജ്യം ഇക്കാലയളവിൽ സ്വീകരിച്ചത്. ഓപ്പറേഷൻ സിന്ദൂറിലൂടെ തീവ്രവാദം അനുവദിക്കില്ല എന്ന ശക്തമായ സന്ദേശവും ലോകത്തിന് നൽകാൻ ഇന്ത്യയ്ക്ക് സാധിച്ചു.

&&&&&&&&&&&&&&&&&&

## HEADLINE-6

## DAY FIFA WORLD CUP

ഫിഫ ലോകകപ്പ് ഫുട്ബോളിൽ കരുത്തരായ ഇറാനും, ന്യൂസിലൻഡുമായുള്ള മത്സരം സമനിലയിൽ കലാശിച്ചു . ഇരു ടീമുകളും 2 ഗോളുകൾ വീതമാണ് നേടിയത്. ഇന്നലെ നടന്ന കേപ് വെർഡെ-സ്പെയിൻ, ബെൽജിയം-ഈജിപ്ത്, സൗദിഅറേബ്യ - യുറുഗ്വേ മത്സരങ്ങളും

സമനിലയിൽ പിരിഞ്ഞു. മിന്നും പ്രകടനം കാഴ്ചവച്ചാണ് കേപ് വെർഡെ, മുൻ ചാമ്പ്യന്മാരായ സ്പെയിനെ ഗോൾ രഹിത സമനിലയിൽ തളച്ചത്. ഇന്ന് രാത്രി 12.30 നാണ് ഫ്രാൻസ്-സെനഗൽ പോരാട്ടം. നാളെ പുലർച്ചെ 3.30 ന് നടക്കുന്ന മത്സരത്തിൽ നോർവേ-ഇറാഖിനെയും, 6.30 ന് അർജൻറീന-അൾജീരിയയെയും നേരിടും.

**&&&&&&&&&&&&&&&&&**

**PIB FACT CHECK – E20 FUEL**

ഇ20 ഇന്ധനം ഉപയോഗിക്കുന്നത് വാഹന ഇൻഷുറൻസ് ക്ലെയിമുകൾ നിരസിക്കപ്പെടുന്നതിന് കാരണമാകുമെന്ന തരത്തിൽ സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന സന്ദേശം വ്യാജമാണെന്ന് കേന്ദ്ര സർക്കാർ. ഇ20 ഇന്ധനം ഉപയോഗിച്ചാലും മോട്ടോർ ഇൻഷുറൻസ് പോളിസികൾക്ക് യാതൊരു തടസ്സവും ഉണ്ടാകില്ലെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുത പരിശോധനാ വിഭാഗം അറിയിച്ചു.

**&&&&&&&&&&&&&&&&&**

**PADMA AWARD**

2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിക്കും. രാഷ്ട്രപതി ഭവനിൽ ഈ മാസം 23 ന് നടക്കുന്ന ചടങ്ങിൽ നടൻ മമ്മൂട്ടി പദ്മഭൂഷൺ സ്വീകരിക്കും. കഴിഞ്ഞ മാസം ആദ്യം, 66 പേർക്ക് പത്മ പുരസ്കാരം സമ്മാനിച്ചിരുന്നു.

**&&&&&&&&&&&&&&&**

**&&&&&&&&&&&&**

**&&&&&&&&**

**&&&&&&&**

**&&&&&&**